# കേരള സർവകലാശാല

നം.പി.ആർ.101/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## മൂല്യനിർണ്ണയത്തിൽ നിന്ന് ഒഴിവാകുന്നവർക്കെതിരെ കർശന നടപടി

സർവകലാശാല മൂല്യനിർണ്ണയത്തിൽ പങ്കെടുക്കാതെ മാറിനിൽക്കുന്ന സർക്കാർ, എയ്ഡഡ് അദ്ധ്യാപകർക്കെതിരെ വകുപ്പുതല നടപടിയ്ക്ക് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യാനും മൂല്യനിർണ്ണയത്തിൽ അദ്ധ്യാപകരെ പങ്കെടുപ്പിക്കാത്ത സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾക്കു മേൽ പിഴചുമത്താനും സിൻഡിക്കേറ്റ് ശുപാർശ ചെയ്തു. ഇതുവരെ ക്യാമ്പിൽ പങ്കെടുക്കാത്തവർ നാളെത്തന്നെ ക്യാമ്പിൽ റിപ്പോർട്ട് ചെയ്യണമെന്ന് സർവകലാശാല നിർദ്ദേശം നൽകി.

## ടൈംടേബിൾ

ജൂൺ 3 മുതൽ നടക്കാനിരിക്കുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.ബി.എ (2015 സ്കീം)/ബി.എം എം.എ.എം പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 മേയ് 20 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി – ഫുൾ ടൈം/യു.ഐ.എം/റെഗുലർ – ഈവനിംഗ്/ട്രാവൽ ആന്റ് ടൂറിസം) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രങ്ങൾ

2019 മെയ് 20 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി – ഫുൾ ടൈം/യു.ഐ.എം/റെഗുലർ – ഈവനിംഗ്/ട്രാവൽ ആന്റ് ടൂറിസം) പരീക്ഷകൾക്ക് സി.ഇ.ടി തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഐ.എം.കെ കാര്യവട്ടത്തും ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം, ബിഷപ്പ് ജെറോം ഇൻസ്റ്റിറ്റ്യൂട്ട്, കൊല്ലം എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം മുണ്ടക്കലും ലൂർദ് മാതാ കോളേജ്, കുറ്റിച്ചൽ പരീക്ഷാകേന്ദ്ര

മായി അപേക്ഷിച്ചവർ കെ.ഐ.സി.എം.എ നെയ്യാർഡാമിലും രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ യു.ഐ.എം വർക്കല യിലും എസ്.എൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, അടൂർ പരീക്ഷാകേന്ദ്രമായി അപേ ക്ഷിച്ചവർ യു.ഐ.എം ഏഴംകുളത്തും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റ് വിദ്യാർത്ഥികൾ കോഴ്സ് പഠിച്ച കോളേജിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

## പരീക്ഷാഫലം

2018 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (2016 അഡ്മിഷൻ – റെഗുലർ, 2015, 2014 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപ രിശോധനയ്ക്കും ജൂൺ 4 വരെ അപേക്ഷിക്കാം.

2018 ആഗസ്റ്റിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമ സ്റ്റർ ബി.എസ്.സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (2017 അഡ്മിഷൻ – റെഗുലർ, 2016 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2015, 2014 & 2013 അഡ്മിഷൻ – സപ്ലി മെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനഃപരിശോധനയ്ക്കും സൂക്ഷ്മപരിശോധ നയ്ക്കും മെയ് 27 വരെ അപേക്ഷിക്കാം.

2019 ജനുവരിയിൽ നടത്തിയ ഒന്നാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 29 വരെ അപേക്ഷിക്കാം.

## ഇന്റേണൽ മാർക്ക്

2017–19 എം.എ ഹിസ്റ്ററി, എം.എസ്.സി മാത്തമാറ്റിക്സ് ഒന്നും രണ്ടും സെമസ്റ്റർ ഇന്റേണൽ മാർക്കുകൾ പ്രസിദ്ധീകരിച്ചു. പരാതികൾ 15 ദിവസത്തിനകം കോ–ഓർഡി നേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാഫീസ്

രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ/ബി.എ സ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.പി.എ/ബി.എസ്.ഡബ്ല്യു/ബി.വോക് – മേയ് 2019 സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ മെയ് 16 വരെയും 50 രൂപ പിഴയോടെ മെയ് 17 വരെയും 125 രൂപ പിഴയോടെ മെയ് 18 വരെയും അപേക്ഷിക്കാം.

2019 മേയിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം ഡിഗ്രി ഇംപ്രൂവ്മെന്റ് 2017 അഡ്മിഷൻ, സപ്ലിമെന്ററി

2013, 2014, 2015 & 2016 അഡ്മിഷൻ പരീക്ഷകൾക്ക് പിഴ കൂടാതെ മേയ് 16 വരെയും 50 രൂപ പിഴയോടെ മേയ് 17 വരെയും 125 രൂപ പിഴയോടെ മേയ് 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം നടത്തുന്ന എം.എച്ച്.ആർ.എം (മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്) ഒന്നും രണ്ടും വർഷ സപ്ലിമെന്ററി പരീക്ഷയുടെ വിജ്ഞാപനം വെബ്സൈറ്റിൽ. 2014 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികളാണ് അപേക്ഷിക്കേണ്ടത്.

## തീയതി നീട്ടി

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (പാർട്ട് ടൈം സായാഹ്ന കോഴ്സ്) 2019–20 അദ്ധ്യയന വർഷത്തെ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മെയ് 17 വരെ നീട്ടിയിരിക്കുന്നു.

## പൂർവ വിദ്യാർത്ഥി സംഗമം

സർവകലാശാല ഭൗതിക ശാസ്ത്ര പഠന വിഭാഗം മെയ് 18 ന് രാവിലെ 10 മണിയ്ക്ക് പൂർവ വിദ്യാർത്ഥി സംഗമം സംഘടിപ്പിക്കുന്നു. തദവസരത്തിൽ എല്ലാ പൂർവ വിദ്യാർത്ഥികളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## പ്ലേസ്മെന്റ് ഡ്രൈവ്

യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ 2019 മെയ് 18 ാം തീയതി രാവിലെ 10.00 മുതൽ തിരുവനന്തപുരം പി.എം.ജി യിലുള്ള സ്റ്റുഡൻസ് സെന്ററിലെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ വച്ച് ഒരു സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. ബാംഗ്ലൂരിലെ Aegis Customer Support Services Pvt. Ltd. എന്ന കമ്പനിയിലേയ്ക്ക് പ്ലസ്ടു കഴിഞ്ഞ, ഇംഗ്ലീഷിലും മലയാളത്തിലും ആശയവിനിമയ ശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി Customer Support Executive (Voice Process) തസ്തികയിലെ 400 ഒഴിവുകളിലേയ്ക്കാണ് പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നത്. പ്ലേസ്മെന്റ് ഡ്രൈവിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ഈ മാസം 16 ാം തീയതി രാത്രി 12.00 മണിയ്ക്ക് മുൻപായി http://bit.ly/MCCDriveMay2k19 എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.facebook.com/MCCTVM

സന്ദർശിക്കുക. വിശദവിവരങ്ങൾക്ക്: 0471 – 2304577 എന്ന നമ്പറിൽ ഓഫീസ് പ്രവർത്തി സമയത്ത് ബന്ധപ്പെടുക.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2019–20
## ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2019–20 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.keralauniversity.ac.in) ആരംഭിച്ചു.

എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും എസ്.സി/എസ്.ടി/ എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴിയായിരിക്കും അലോട്ട്മെന്റ്. കേരള സർവ്വകലാശാലയുടെ കീഴിൽ ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (മാനേജ്മെന്റ്, കമ്മ്യൂണിറ്റി, ഭിന്ന ശേഷിയുള്ളവർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ, സ്പോർട്സ് ക്വാട്ട ഉൾപ്പടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പറുകൾ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്റരുത്.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്ട്സ് ക്വാട്ട പ്രവേശനങ്ങൾ ഓൺലൈനായി നടത്തുന്നതാണ്. സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്ട്സ് കോളത്തിന് നേരെ 'യെസ് ' എന്ന് രേഖപ്പെടുത്തണം. സ്പോർട്ട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തിരിക്കണം. സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യുവാനും കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് അപേക്ഷിക്കുവാനും ഉള്ള വിശാദാംശങ്ങൾ പിന്നീട് നൽകുന്നതാണ്.

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി, ഓരോ അലോട്ട്മെന്റുകളുടേയും തീയതി എന്നിവ പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവക

ലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

2019 വർഷത്തെ കേരള ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷ പാസായ വിദ്യാർത്ഥികൾ അവരുടെ പേരും രജിസ്റ്റർ നമ്പരും ഓൺലൈൻ അപേക്ഷയിൽ ടൈപ്പ് ചെയ്യുമ്പോൾ തന്നെ അവർക്ക് വിവിധ വിഷയങ്ങൾക്ക് ലഭിച്ച മാർക്കുകൾ സ്വമേധയാ രേഖപ്പെടുത്തപ്പെടും. പുനർമൂല്യനിർണയം വഴിയോ മറ്റോ മാർക്കുകൾക്ക് മാറ്റം വന്നാൽ രജിസ്ട്രേഷൻ അവസാനിക്കുന്നതിന് മുൻപായി തിരുത്തുകൾ വരുത്തുവാൻ സാധിക്കും.

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്ട്സ് ക്വാട്ട പ്രവേശനം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2019-20 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. അവസാന തീയതി ജൂൺ 3. കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്ട്സ് ക്വാട്ട പ്രവേശനങ്ങൾ ഓൺലൈനായിട്ടാണ് നടത്തുന്നത്. കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല. സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്ട്സ് കോളത്തിന് നേരെ 'യെസ് ' എന്ന് രേഖപ്പെടുത്തണം. സ്പോർട്ട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തിരിക്കണം. സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യുവാനും കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് അപേക്ഷിക്കുവാനും ഉള്ള വിശാദാംശങ്ങൾ പിന്നീട് നൽകുന്നതാണ്.

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

തിരുവനന്തപുരം,
14-05-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**